കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്.

(ബി) ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കുകയും കർഷക സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് പൂർണ്ണമായ നഷ്ട പരിഹാരം നൽകുക; നെൽകൃഷിക്കാർക്ക് കൃഷി ചെലവിന്റെ 50% ഉൾപ്പെടെയുള്ള അടിയന്തിര സഹായങ്ങൾ നടപ്പാക്കുക, വെളിച്ചെണ്ണ, റബ്ബർ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി പൂർണ്ണമായി തടയുക, നാളികേരം മുഴുവനും സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും, സംവിധാനം ഉണ്ടാക്കുക; ഏലം, കാപ്പി, ചുക്ക് എന്നിവയ്ക്ക് ശരിയായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക, കാർഷിക കടങ്ങൾ റദ്ദ് ചെയ്യുക, ജലസേചന പദ്ധതികൾ പൂർത്തിയാക്കുക, മലയോര കർഷകർക്ക് പട്ടയം നൽകുക, തുടങ്ങിയവയാണ് മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ.

ഇലക്ട്രിസിറ്റി ബോർഡിലെ അക്കൗണ്ടിംഗ് സമ്പ്രദായം

* 521 (555) ശ്രീ. കെ. ടി. കണാരൻ:
,, കെ. പി. പ്രഭാകരൻ:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. ഇ. ഇസ്മയിൽ:
ശ്രീമതി. ഭാർഗ്ഗവീ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ അക്കൗണ്ടിംഗ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കൊമേഴ്സിയൽ സിസ്റ്റം നടപ്പാക്കുന്നതിനുവേണ്ടി ഏതെങ്കിലും കമ്പനിക്ക് കോൺട്രാക്ട് കൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതു കമ്പനിക്ക് എന്തു തുകയാണ് നൽകിയിട്ടുള്ളത്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) പരിഷ്കരിക്കുന്നതു സംബന്ധിച്ചു നടപടി എടുത്തിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഡിപ്പാർട്ടുമെന്റൽ അക്കൗണ്ടിംഗ് സമ്പ്രദായത്തെ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് രീതിയായിരുന്നു മുൻപ് വിദ്യുച്ഛക്തി ബോർഡിൽ നിലവിലിരുന്നത്. എന്നാൽ ഇൻഡ്യൻ ഇലക്ട്രിസിറ്റി സപ്ലൈ ആനുവൽ അക്കൗണ്ട്സ് റൂൾസ് 1985 പ്രകാരം എല്ലാ സംസ്ഥാന വിദ്യുച്ഛക്തി ബോർഡുകൾക്കും ബാധകമാകാവുന്ന ഒരു ഏകീകൃത കമ്മേർഷ്യൽ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കണമെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചു. ഇതനുസരിച്ച് മുഖ്യമായും കമ്മേർഷ്യൽ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ പുതിയ അക്കൗണ്ടിംഗ് രീതിയിലേക്കു മാറി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) മദ്രാസിലെ 'പ്രൈസ്വാട്ടർ ഹൗസ്' എന്ന ചാർട്ടേർഡ് അക്കൗണ്ടൻഡിനെ കൺസൾട്ടൻറായി നിയമിച്ചിട്ടുണ്ട്. 3.25 ലക്ഷം രൂപ കൊടുക്കേണ്ടതിൽ 2.90 ലക്ഷം രൂപ ഇതുവരെ കൊടുത്തിട്ടുണ്ട്.

ഏഴാം പദ്ധതിക്കാലത്ത് അധിക വിഭവ സമാഹരണം

*522 (556) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. മൂസ്സക്കുട്ടി:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, കെ. പുരുഷോത്തമൻ:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിക്കാലത്ത് 130 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്തുന്നതാണെന്ന് സംസ്ഥാന ഗവൺമെൻറ് പ്ലാനിംഗ് കമ്മീഷനു നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ തച്ചടി പ്രഭാകരൻ):

(എ), (ബി) നടപ്പു സാമ്പത്തിക വർഷത്തിലെ അധിക വിഭവ സമാഹരണമായാണ് 130.20 കോടി രൂപ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പ്ലാനിംഗ് കമ്മീഷനുമായുള്ള ബന്ധപ്പെട്ട ചർച്ചകളിൽ 1985-86 വർഷാവസാനം പ്രതീക്ഷിക്കുന്ന മിച്ചംകൂടി കണക്കിലെടുത്താണ് 390 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാമെന്നുള്ള ചുമതല ഏറ്റെടുത്തിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ഉണ്ടാകാവുന്ന മിച്ചം എത്രയാണെന്ന് ചർച്ച നടന്ന അവസരത്തിൽ തിട്ടപ്പെടുത്താൻ കഴിയാതിരുന്നതുകൊണ്ട് 130.20 രൂപയുടെ അധിക വിഭവ സമാഹരണം കൂടി വേണ്ടി വരുമെന്ന് കണക്കാക്കിയിരുന്നു. റിസർവ്വ് ബാങ്കിൻെറ അവസാനത്തെ കണക്കനുസരിച്ച് 166.36 കോടി രൂപ 1985-86 അവസാനിച്ചപ്പോൾ മിച്ചമായി കണക്കാക്കപ്പെട്ടു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ ധനാഗമ മാർഗ്ഗങ്ങളിൽകൂടിയും, നികുതി വെട്ടിപ്പ് കർശനമായി തടഞ്ഞും, നികുതി പിരിവ് പരമാവധി വർദ്ധിപ്പിച്ചും ദേശീയ സമ്പാദ്യ പദ്ധതിയിലെ തീവ്രയത്ന പരിപാടിയിൽകൂടിയും 130.20 കോടി രൂപയുടെ അധിക വിഭവ സമാഹരണ ലക്ഷ്യം കൈവരിക്കുന്നതാണ്.

കൊപ്ര സംഭരണം

*523 (557) ശ്രീ. സിറിയക്ക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷൻ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വാങ്ങിയ കൊപ്ര എത്ര; ഈ വർഷം വാങ്ങിയതെത്ര;

(ബി) മാർക്കറ്റിംഗ് ഫെഡറേഷൻ പ്രൈസ് സപ്പോർട്ട് സ്കീം പ്രകാരം സംഭരിച്ച കൊപ്ര, വെളിച്ചെണ്ണയാക്കാൻ കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നോ ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly